# നീരയുടെ വില്പനയ്ക്ക് 'നാളികേര നീര ബോർഡ്'

തിരുവനന്തപുരം: നീര ഉത്പാദനം കൂട്ടാനും കള്ള് വ്യവസായം പ്രോത്സാഹിപ്പിക്കാനുമായി 'നാളികേര നീര ബോർഡ്' രൂപീകരിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. നീര ഉത്പാദിപ്പിക്കുന്ന 11 കമ്പനികൾക്ക് ഒന്നരക്കോടി രൂപ വരെ ധനസഹായം നൽകും. കാർഷികോത്പാദന കമ്മിഷണർ ആയിരിക്കും ബോർഡിന്റെ ചെയർമാൻ. നീരയുടെ ലൈസൻസ് ഉൾപ്പെടെയുള്ള ഭരണപരമായ കാര്യങ്ങൾ എക്സൈസ് വകുപ്പും കർഷകരുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃഷി വകുപ്പും കൈകാര്യം ചെയ്യും. നാളികേര വികസന ബോർഡ് മുൻകൈയെടുത്ത് 173 ഫെഡറേഷനുകൾ രൂപീകരിച്ചതിൽ 16 എണ്ണത്തിന് നീര ചെത്താൻ ലൈസൻസ് നൽകി. നീര ഉത്പാദിപ്പിക്കുന്നതിന് 11 കമ്പനികൾ രംഗത്തുണ്ട്. ഈ സാഹചര്യത്തിലാണ് 50 ശതമാനം ഗ്രാന്റ് എന്ന നിലയിൽ പരമാവധി ഒന്നരക്കോടി രൂപ വരെ കമ്പനികൾക്ക് നൽകാൻ തീരുമാനിച്ചിരിക്കുന്നത്.